IV സബ്മിഷൻ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഞാൻ തന്ന സബ്മിഷൻ ആദ്യത്തെ നോട്ടീസിൽ ഉണ്ടായിരുന്നു. ഇപ്പോൾ രണ്ടാമത്തെ നോട്ടീസിൽ കാണുന്നില്ല.

മി. സ്പീക്കർ: അങ്ങയുടെ സബ്മിഷൻ നോട്ടീസ് കിട്ടി. അത് കൊടുത്തു. മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയാണ്. മന്ത്രി അടിയന്തരമായി കോൺഫറൻസിൽ പങ്കെടുക്കാൻ ഡൽഹിയിൽ പോയതുകൊണ്ട് മന്ത്രി ഉണ്ടാകില്ലെന്ന് അങ്ങയുടെ ഓഫീസിൽ അറിയിച്ചിരുന്നു. അതിനുശേഷമാണ് അത് മാറ്റിയത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറുപടി പറയാവുന്നതാണ്.

മി. സ്പീക്കർ: അതിൽ കുറച്ച് സാങ്കേതികമായ കാര്യങ്ങൾ ഉള്ളതുകൊണ്ട് ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചതുകൊണ്ടാണ് ആ വിവരം അറിയിച്ചത്. ലിസ്റ്റ് ചെയ്തെങ്കിലും ബഹുമാനപ്പെട്ട മന്ത്രിക്ക് അടിയന്തരമായി യോഗത്തിൽ പങ്കെടുക്കാനുള്ളതുകൊണ്ട് എന്റെ ഓഫീസിൽനിന്നും പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയെ വിവരം അറിയിച്ചിരുന്നു. അല്ലാതെ അങ്ങയുടെ സബ്മിഷൻ മാറ്റിയതല്ല. ക്ഷമിക്കണം.

1. മിഷൻ 676-ൽ ഉൾപ്പെടുത്തി കെട്ടിടംപണി പൂർത്തീകരിക്കൽ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന അത്യന്തം ഗൗരവമായ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുദ്ദേശിക്കുകയാണ്. നമ്മുടെ പല പദ്ധതികളും സമയബന്ധിതമായി നടത്താത്തതുകൊണ്ട് കോടിക്കണക്കിന് രൂപ ഡെഡ് മണിയായി നിൽക്കുകയാണ്, പ്രയോജനം ലഭിക്കുന്നില്ല. പൂർത്തീകരണത്തിന് അഞ്ചും ആറും ഇരട്ടി കാശ് ചെലവാകുന്നു. ഇത് നിരന്തരമായി നടക്കുന്ന ഒരു പ്രതിഭാസമാണ്. വൻപദ്ധതികൾ അവസാനിപ്പിക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്ന എക്സ്ക്യൂസ് പറയാം. പണിത കെട്ടിടം ഉപയോഗിക്കാൻ വേണ്ടത്ര ഉപകരണങ്ങളോ ഉപകരണങ്ങളുള്ളിടത്ത് ഇവ പ്രവർത്തിപ്പിക്കാൻ വേണ്ടത്ര ആളുകളോ ഇല്ലാതിരിക്കുന്നു. ഉദാഹരണമായി എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഒന്നു രണ്ട് കാര്യങ്ങൾ പറയാം. എഞ്ചിനീയറിംഗ് കോളേജിലും കുട്ടനെല്ലൂർ ഗവൺമെന്റ് കോളേജിലും ലേഡീസ് ഹോസ്റ്റലിന്റെ കെട്ടിടം പണിതിട്ട് മാസങ്ങളായി എന്നാൽ കട്ടിൽ വാങ്ങാൻ കാശില്ലാത്തതുകൊണ്ട് പെൺകുട്ടികൾ പായയിൽ കിടക്കേണ്ട സ്ഥിതിയാണ്. വയറിംഗ് നടക്കാത്തതുകൊണ്ട് ഇലക്ട്രിസിറ്റിയില്ല. സെയിൽസ് ടാക്സ് കോംപ്ലക്സ് ഡോ. ടി. എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തിട്ട് മൂന്നു വർഷം കഴിഞ്ഞു. കെട്ടിടം നിർമ്മിച്ചെങ്കിലും ഇന്റേണലായുള്ള ഡിവിഷൻസ് നടന്നില്ല. കിറ്റ്കോ പണി ഉപേക്ഷിച്ചുപോയി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഒരു ലക്ഷം രൂപ വാടകയ്ക്ക് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ റിക്കവറി വന്ന് കളക്ടറുടെ കാർ ജപ്തി ചെയ്തു. അതുപോലെ ജനറൽ ഹോസ്പിറ്റലിൽ കെട്ടിടം പണിതെങ്കിലും റാംപ് ഇല്ല, ലിഫ്റ്റിന് പ്രൊവിഷനില്ല. എണ്ണമറ്റ പരിപാടികൾ, സർക്കാരിന്റെ കോടിക്കണക്കിന് തുക ഡെഡ്മണിയായി പ്രയോജനമില്ലാതെ കിടക്കുന്നു. അങ്ങയുടെ ഭാവനാപൂർണ്ണമായ മിഷൻ 676 പരിപാടിയിൽ നമ്മുടെ സംസ്ഥാനത്ത് 60 ശതമാനത്തിലധികം പണി കഴിഞ്ഞ പരിപാടികൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടികൂടി ഉൾപ്പെടുത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞത് വളരെ ഗൗരവകരമായ കാര്യമാണ്. പല സ്ഥലത്തും കെട്ടിടം പണി പകുതി വഴിയിൽ ഉപേക്ഷിച്ചുപോയതുണ്ട്. ചിലത് ഇവിടെ സൂചിപ്പിച്ചതുപോലെ പണി പൂർത്തിയാക്കിയതിനുശേഷം ഇലക്ട്രിസിറ്റി കണക്ഷനില്ല അല്ലെങ്കിൽ ഫർണിച്ചറില്ല, റോഡ് ശരിയായില്ല എന്നീ കാരണങ്ങളാൽ ഉപയോഗപ്രദമാകാതെ കിടക്കുന്നു. അവിടെ നമ്മൾ മുടക്കിയ കാശ് മുഴുവൻ ഡെഡ് മണിയായി കിടക്കുകയാണ്. അതുകൊണ്ട് മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയ കാര്യം വളരെ ഗൗരവമായി കാണുന്നു. മിഷൻ 676-ൽ പരിപാടികളെല്ലാം ഫിക്സ് ചെയ്തുകഴിഞ്ഞു. 14,500 കോടി രൂപയുടെ പദ്ധതികളാണ് പി.ഡബ്ല്യു.ഡി. ഉൾപ്പെടുത്തിയിരിക്കുന്നത്. 23 റോഡുകൾ സ്പീഡ് കേരളയിൽ ഉൾപ്പെടുത്തി, തിരുവനന്തപുരത്തും കോഴിക്കോടും നടപ്പാക്കുന്ന 6,000 കോടി രൂപയുടെ മോണോ റെയിൽ, ദേശീയപാതാ വികസനം 2,500 കോടി രൂപ അങ്ങനെ അത് ഫൈനലൈസ് ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം ഗൗരവമായെടുക്കുന്നു. ഇവിടെവച്ച് പറയുന്നതിന് പുറമെ എല്ലാ എം.എൽ.എ. മാർക്കും കത്തയയ്ക്കാം. അവരവരുടെ നിയോജകമണ്ഡലങ്ങളിൽ പണി പൂർത്തിയായതോ പണിപൂർത്തിയാക്കേണ്ടതായതോ ഉള്ള വർക്കുകൾ ഉപേക്ഷിക്കപ്പെട്ട നിലയിലുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ ഞാൻതന്നെ അത് ബന്ധപ്പെട്ട മന്ത്രിമാരുമായി സംസാരിച്ച് നേരിട്ട് പരിശോധിച്ച് പണികൾ തുടർന്ന് മുന്നോട്ട് കൊണ്ടുപോകാനും നമുക്ക് ഏറ്റവും വേഗത്തിൽ അതിന്റെ പ്രയോജനം കിട്ടുകയും ചെയ്യത്തക്ക വിധത്തിൽ ഇക്കാര്യം പ്രത്യേകമായെടുക്കുന്നതായിരിക്കും.

2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ അസിസ്റ്റന്റുമാരുടെ ഒഴിവുകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചുവെങ്കിലും ഇതുവരെ ആരെയും നിയമിക്കാൻ തയ്യാറായിട്ടില്ല. അവരെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കാൻ വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മലപ്പുറം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ പട്ടികവർഗ്ഗക്കാർക്കായുള്ള എൻ.സി.എ. വേക്കൻസിക്കാണ് നോട്ടിഫിക്കേഷൻ നടത്തിയത്. പട്ടികവർഗ്ഗക്കാരില്ലെങ്കിൽ പട്ടികജാതിക്കാരെ പരിഗണിക്കണമെന്ന് അതിൽ പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടെസ്റ്റും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. 24-3-2014-ന് റാങ്ക് ലിസ്റ്റിലുൾപ്പെട്ടിരുന്ന അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly